# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ടചോദ്യം നമ്പർ: 2201</u> <u>18.12.2012 ലെ മറുപടിക്ക്</u>

**<u>സംസ്ഥാനത്തിന് അലോട്ട് ചെയ്യുന്ന റെയിൽ കോച്ചുകളുടെ ശോചനീയാവസ്ഥ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.കെ.ശശീന്ദ്രൻ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തിന് അലോട്ട് ചെയ്യുന്ന റെയിൽവേ കോച്ചുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇക്കാര്യം കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ; | (ബി) | ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ചെന്നൈയിലേക്ക് അറ്റകുറ്റപ്പണിക്ക് അയയ്ക്കുന്ന കോച്ചുകൾ നന്നാക്കി തിരികെ ലഭിക്കുമ്പോൾ വളരെ പഴക്കംചെന്നവയാണ് ലഭിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ അടിയന്തിര ശ്രദ്ധയിൽ കൊണ്ടുവരുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ഉണ്ട്. സംസ്ഥാനത്ത് ഓടുന്ന ട്രെയിനുകളിലെ ബോഗികൾ ചിലതെല്ലാം കാലപ്പഴക്കം ചെന്നവയും തുരുമ്പെടുത്ത് ഉപയോഗ്യമല്ലാത്തവയുമാണെന്നും ദീർഘദൂര ട്രെയിനുകളിലെ ബോഗികളുടെ അവസ്ഥയും പലപ്പോഴും ശോചനീയമാണെന്നും സംസ്ഥാനത്ത് ഉപയോഗിക്കുന്ന ബോഗികളിൽ 70%നുമേൽ 25 കൊല്ലത്തിലധികം പഴക്കമുള്ളവയാണെന്നും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ബോഗികൾ റിപ്പയർ ചെയ്യുന്നതിനായുള്ള പീരിയോഡിക് ഓവർ ഹോളിംഗ് സൗകര്യം സംസ്ഥാനത്ത് ഇല്ലാത്തതിനാൽ ബോഗികൾ റിപ്പയറിംഗിനായി ചെന്നൈയിലേക്ക് അയയ്ക്കുമ്പോൾ അവിടെ നിന്നും ലഭിക്കുന്നവ പലപ്പോഴും വൃത്തിയില്ലാത്തതും കാലപ്പഴക്കം ചെന്നവയുമാണെന്നും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ആലപ്പുഴ പാസ്സഞ്ചർ ട്രെയിനിന്റെ ബോഗിക്ക് സംഭവിച്ച അപകടത്തിന്റെ വെളിച്ചത്തിൽ ഇക്കാര്യങ്ങളിലേക്ക് ശ്രദ്ധക്ഷണിച്ചു കൊണ്ട് താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തിരമായി പരിഗണിക്കണമെന്ന് കേന്ദ്ര റയിൽവേ മന്ത്രിയോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്: |

| | | | |
|---|---|---|---|
| | | | (i) 25 കൊല്ലത്തിലധികം പഴക്കമുള്ള എല്ലാ ബോഗികളും ഘട്ടം ഘട്ടമായി 5 കൊല്ലത്തിനകം മാറ്റണമെന്നും;<br>(ii) തിരുവനന്തപുരത്തേയും എറണാകുളത്തേയും റിപ്പയർ സൗകര്യങ്ങൾ പ്രധാന റിപ്പയറുകൾ ചെയ്യുവാനുതകുന്ന രീതിയിൽ വിപുലപ്പെടുത്തണമെന്നും;<br>(iii) റിപ്പയറിനും മെയിന്റനൻസിനുമായി ആവശ്യത്തിന് ആളുകളെ നിയമിക്കണമെന്നും;<br>(iv) കോച്ചുകൾ വൃത്തിയാക്കാനായി കൂടുതൽ ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തണമെന്നും. |

സെക്ഷൻ ഓഫീസർ